മൂന്നാറിന്റെ വികസനത്തിനും ടൂറിസം വികസനത്തിനുമായി ടൗൺഷിപ്പ് സംവിധാനം

116 (T2129) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാറിന്റെ വികസനത്തിനും ടൂറിസം വികസനത്തിനുമായി ടൗൺഷിപ്പ് സംവിധാനം നടപ്പിലാക്കുന്നതിനായി ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി കണ്ണൻ ദേവൻ ഹിൽസ് വില്ലേജിലെ എത്ര ഹെക്ടർ സ്ഥലമാണ് ഇനിയും ഏറ്റെടുക്കാനുള്ളത് ; .

(സി) പ്രസ്തുത സ്ഥലം ഇനിയും ഏറ്റെടുക്കാതിരിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെ ;

(ഡി) പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ എന്തൊക്കെ നടപടികളാണ് ഇനിയും സർക്കാരിന്റെ ഭാഗത്തുനിന്നും സ്വീകരിക്കാനുള്ളത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മൂന്നാറിലെ ടൂറിസം വികസനം ലക്ഷ്യമാക്കിക്കൊണ്ട് മൂന്നാർ ടൗൺഷിപ്പ് സംവിധാനം നടപ്പാക്കുന്നതിനായി സർക്കാർ 14-6-2010-ൽ കണ്ണൻ ദേവൻ ഹിൽസ് (നിശ്ചിത ഭൂമി വീണ്ടെടുക്കൽവഴി ഏറ്റെടുക്കൽ) ഓർഡിനൻസ്, 2010 പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇതിനായി കണ്ണൻ ദേവൻ ഹിൽസ് വില്ലേജിലെ 38 സർവ്വേ നമ്പരുകളിലായി 1073.50 ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്.

(സി&ഡി) മൂന്നാർ ടൗൺഷിപ്പ് നടപ്പാക്കുന്നതിനായി 14-6-2010-ൽ സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും തൊട്ടടുത്ത നിയമസഭാ സമ്മേളനത്തിൽ ഇതു സംബന്ധിച്ച ബിൽ അവതരിപ്പിക്കാൻ കഴിയാതിരുന്നതിനാൽ പ്രസ്തുത ഓർഡിനൻസ് നിയമമാക്കാൻ സാധിച്ചിട്ടില്ലാത്തതും ഓർഡിനൻസിന്റെ കാലാവധി അവസാനിക്കുകയും ചെയ്തിട്ടുള്ളതുമാണ്. ഓർഡിനൻസ് നിയമമായെങ്കിൽ മാത്രമേ സ്ഥലം ഏറ്റെടുക്കാൻ സാധിക്കുകയുള്ളു. എന്നിരുന്നാലും ടി ഓർഡിനൻസ് വീണ്ടും പുറപ്പെടുവിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ടി ഓർഡിനൻസിനെതിരെ ടാറ്റാ കമ്പനി ഫയൽ ചെയ്ത WP (C) 19443/10 ഇപ്പോൾ ഹൈക്കോടതിയുടെ പരിഗണനയിലാണ്.

T മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly